പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1667 14/07/2016-ൽ മറുപടിക്ക്

**ദേവികുളം നിയോജക മണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മുടങ്ങിപ്പോയ ജല വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW), തോട്ടിയാർ (40MW), ചാത്തൻകോട്ടുനട (6MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂലൈ 2015 മുതൽ മുടങ്ങിയിരിക്കുകയാണ്. |
| (ബി) ദേവികുളം നിയോജക മണ്ഡലത്തിലെ നിലച്ചുപോയ അഞ്ച് പദ്ധതികളുടെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന ശമ്പളം,പദ്ധതി നിലച്ചതുകാരണം ഉണ്ടായ നഷ്ടം, പദ്ധതി നടത്താൻ ഇനി ആവശ്യം വരുന്ന തുക എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ? | (ബി) | ദേവികുളം മണ്ഡലത്തിൽ നിർമ്മാണം മുടങ്ങിയിരിക്കുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന പ്രതിമാസ ശമ്പളം 35,34,235/- രൂപയും, തോട്ടിയാർ പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന പ്രതിമാസ ശമ്പളം 22,38,128/- രൂപയുമാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ നിർമ്മാണം മുടങ്ങിയതു കാരണം പ്രതിവർഷം 153.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടമാകുന്നു. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 235 കോടി രൂപ ഇനി ആവശ്യമായി വരും.<br>തോട്ടിയാർ പദ്ധതി മുടങ്ങിയതുവഴി പ്രതിവർഷം 99 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടമാകുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി ഏകദേശം 155 കോടി രൂപയോളം ആവശ്യമായി വരും. |

സെക്ഷൻ ഓഫീസർ